"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്ട് - കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 07.08.2024-ലെ 8(1), 09.08.2024-ലെ 1(1) എന്നീ തീരുമാനങ്ങൾ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.622/2025/LSGD തീയതി, തിരുവനന്തപുരം, 06-03-2025

---

പരാമർശം:- 1. കരീപ്ര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07.08.2024-ലെ 8(1), 09.08.2024-ലെ 1(1) നമ്പർ തീരുമാനങ്ങൾ.

2. കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.08.2024-ലെ എസ്.സി3- 3339/2024 നമ്പർ കത്ത്.

3. 22.08.2024-ലെ സ.ഉ.(സാധാ.) നം.1561/2024/തസ്വഭവ.

4 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ 06.02.2025-ലെ റഫറൻസ് നം. 1/2024 ഉത്തരവ്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ ആപ്പിൾവാലി പ്ലൈവുഡ് ഫാക്ടറി എന്ന പേരിൽ പ്ലൈവുഡ് ഫാക്ടറി സ്ഥാപിക്കുന്നതിന്റെ ആവശ്യത്തിലേക്കായി 18.06.2024-ലെ SC3-BA(204211)2024 നമ്പരായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയുണ്ടായി. തുടർന്ന് പ്ലൈവുഡ് ഫാക്ടറി ഗ്രാമപഞ്ചായത്തിലെ 130 ഓളം കുടുംബങ്ങളുടെ കുടിവെള്ള സ്രോതസ്സിനെ ബാധിക്കുന്നതാണെന്നും കൊല്ലം ജില്ലയിലെ പ്രധാന കാർഷിക മേഖലയായ പാട്ടുപുരയ്ക്കൽ ഏലായിലെ കൃഷിയെയും പരിസ്ഥിതിയെയും ദോഷകരമായി ബാധിക്കുന്നതാണ് പ്രസ്തുത ഫാക്ടറി നിർമ്മാണമെന്നും, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി നിബന്ധനകൾക്ക് വിധേയമായി മാത്രമാണ് ലഭ്യമായിട്ടുള്ളതെന്നും ഈ നിബന്ധനകൾക്ക് അനുസൃതമാണ് സമർപ്പിച്ചിട്ടുള്ള പ്ലാൻ എന്ന് പരിശോധിക്കാതെയാണ് സെക്രട്ടറി പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് രാജ് ആക്ടിനും തണ്ണീർത്തടങ്ങൾക്കും കുടിവെള്ള സ്രോതസ്സിനും ഹാനികരമാകുന്ന രീതിയിൽ നിർമ്മാണപ്രവർത്തനം നടത്തുന്നത് റദ്ദ് ചെയ്യുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടെന്നും അത് പരിഗണിച്ച് പ്ലൈവുഡ് ഫാക്ടറി നിർമ്മാണത്തിന് സെക്രട്ടറി അനുവദിച്ച പെർമിറ്റ് റദ്ദ് ചെയ്യുന്നതിന് പരാമർശം 1-ലെ 07.08.2024-ലെ 8(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിൽ പഞ്ചായത്ത് സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി തീരുമാനം പഞ്ചായത്ത് കമ്മിറ്റി പുനഃപരിശോധിക്കുകയും മുൻ തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നതിന് പരാമർശം (1)-ലെ 09.08.2024-ലെ 1(1) പ്രകാരം

തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2) കെട്ടിടനിർമ്മാണ പെർമിറ്റ് റദ്ദ് ചെയ്തു കൊണ്ടുള്ള തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനങ്ങൾ 2003-ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ അനുസരിച്ച് പരാമർശം (2) പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കരീപ്ര ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 07.08.2024 ലെ 8(1), 09.08.2024 ലെ 1(1) നമ്പർ തീരുമാനങ്ങൾ നിയമാനുസൃതമല്ലെന്ന് കണ്ടതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(4) പ്രകാരം സ്റ്റേ ചെയ്തും വകുപ്പ് 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് തീരുമാനങ്ങൾ റഫർ ചെയ്തും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

3) 1994-ലെ പഞ്ചായത്ത് രാജ് ആക്ടിന്റെ 233-ാം വകുപ്പിൽ വന്ന ഭേദഗതി പ്രകാരം, ഒരു ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലിസ്ഥലമോ സ്ഥാപിക്കുന്നതിനുള്ള അനുമതി നിരസിക്കാൻ പഞ്ചായത്തിന് കഴിയില്ലെന്നും ആക്ടിന്റെ 185B വകുപ്പ് പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെയോ പ്രസിഡന്റിന്റെയോ കമ്മിറ്റിയുടെയോ യാതൊരു വിധ ഇടപെടലോ സ്വാധീനമോ കൂടാതെ സ്വതന്ത്രമായി തീരുമാനമെടുക്കുന്നതിനുള്ള അധികാരി പഞ്ചായത്ത് സെക്രട്ടറിയാണെന്നും അതിനാൽ സെക്രട്ടറി അനുവദിച്ച് കെട്ടിടനിർമ്മാണ പെർമിറ്റ് റദ്ദാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിക്ക് കഴിയുകയില്ലെന്നും ടി പെർമിറ്റ് നൽകിയതിനെതിരെ ബഹു. ട്രൈബ്യൂണലിൽ അപ്പീൽ നൽകേണ്ടതായിരുന്നുവെങ്കിലും പരാതിയുള്ള വ്യക്തികൾ ആരും തന്നെ അപ്രകാരം അപ്പീൽ ഫയൽ ചെയ്തിട്ടില്ലെന്നും ബഹു. ട്രൈബ്യൂണൽ നിരീക്ഷിക്കുകയും അതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (1) പ്രകാരമുള്ള തീരുമാനങ്ങൾ പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 185B-യ്ക്ക് വിരുദ്ധമാണെന്നും അതിനാൽ പ്രസ്തുത തീരുമാനങ്ങൾ നിയമവിരുദ്ധമാണെന്നും പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ ആപ്പിൾവാലി പ്ലൈവുഡ് ഫാക്ടറിയുടെ ആവശ്യത്തിനായി പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച കെട്ടിടനിർമ്മാണ പെർമിറ്റ് റദ്ദ് ചെയ്തു കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 07.08.2024 ലെ 8(1) , 09.08.2024 ലെ 1(1) നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(2) പ്രകാരം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം 695035 (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം

പ്രസിഡന്റ്, കരീപ്ര ഗ്രാമപഞ്ചായത്ത്, കൊല്ലം

സെക്രട്ടറി, കരീപ്ര ഗ്രാമപഞ്ചായത്ത്, കൊല്ലം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Shini Pereira. V

Date: 06-03-2025 12:06:32

സെക്ഷൻ ഓഫീസർ